# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം.759

08.11.2016 ൽ മറുപടിയ്ക്ക്

### ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലെ വിവിധ വിഭാഗങ്ങൾ

| ചോദ്യം<br>ശ്രീ.അബ്ദുൾ ഹമീദ്.പി.<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ഡോ.എം.കെ.മുനീർ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ആയുഷ് വകുപ്പ് നിലവിൽ വന്നശേഷം ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലെ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള സേവനം ജനങ്ങൾക്ക് കൂടുതലായി ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് ആയുഷ് വകുപ്പ് നിലവിൽ വന്നശേഷം ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലെ വിവിധ വിഭാഗങ്ങളായ ആയുർവേദ, സിദ്ധ, യുനാനി, യോഗ, പ്രകൃതി ചികിത്സ എന്നീ വിഭാഗങ്ങളിൽനിന്നും സേവനം ജനങ്ങൾക്ക് കൂടുതലായി ലഭ്യമാക്കാൻ യോഗ, സിദ്ധ വിഭാഗങ്ങളില്ലാത്ത ജില്ലാ ആശുപത്രികളോട് ചേർന്ന് ആയുഷ് വകുപ്പിൽ നിന്നും യൂണിറ്റുകൾ തുടങ്ങുകയും താൽക്കാലികമായി ആവശ്യമായ ഡോക്ടർമാരെയും യോഗ ഇൻസ്ട്രക്ടർമാരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്. 8 ജില്ലകളിൽ ആയുഷ് ഗ്രാമം എന്ന പദ്ധതിയിൽ ഡോക്ടർമാർ, ഹെൽപ്പർ തുടങ്ങിയവരെയും നിയമിച്ചിട്ടുണ്ട്. ആയുഷ് ഹോളിസ്റ്റിക് സെന്ററുകളിൽ യുനാനി, സിദ്ധ ഡോക്ടർമാരെയും നിയമിച്ചിട്ടുണ്ട്. 14 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട പട്ടിക ജാതി കോളനികളിൽ ഹരികിരണം പദ്ധതി നടപ്പിലാക്കിയപ്പോൾ എല്ലാ വിഭാഗങ്ങളേയും ഉൾപ്പെടുത്തിയുള്ള മെഡിക്കൽ ക്യാമ്പാണ് നടത്തിയത്. |

| | | | |
|---|---|---|---|
| (ബി) | ഭാരതീയ ചികിത്സാ വകുപ്പിന്റെ കീഴിലെ വിവിധ വിഭാഗങ്ങൾ തമ്മിൽ നിലനിൽക്കുന്ന ആരോഗ്യകരമല്ലാത്ത മത്സരം ചില വിഭാഗങ്ങളുടെ പൂർണ്ണമായ സേവനം ജനങ്ങൾക്ക് ലഭിക്കുന്നതിന് തടസ്സമാവുന്നു എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; | (ബി) | അത്തരത്തിൽ ഒരു പരാതി ശ്രദ്ധയിൽ പെട്ടിട്ടില്ല. |
| (സി) | സിദ്ധ, യുനാനി എന്നിവ പോലുള്ള വിഭാഗങ്ങളുടെ ചികിത്സയ്ക്കും ഗവേഷണ പ്രവർത്തനങ്ങൾക്കും കൂടുതൽ സൗകര്യമൊരുക്കി ജനങ്ങൾക്ക് ആ മേഖലയുടെ കൂടി ഗുണഫലങ്ങൾ പൂർണ്ണമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സിദ്ധ, യുനാനി എന്നിവ പോലുള്ള വിഭാഗങ്ങളുടെ ചികിത്സാ ഗുണഫലങ്ങൾ ജനങ്ങളിലേക്കെത്തിക്കുന്നതിനും ഗവേഷണത്തിനും കൂടുതൽ സൗകര്യമൊരുക്കി ജനങ്ങൾക്ക് ആ മേഖലയുടെ കൂടി ഗുണഫലങ്ങൾ പൂർണ്ണമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ